File No.TRANS-C3/165/2019-TRANS

KERALA
RECEIVED ON
25 MAY 2019
INWARD No

e-97871/2019

A

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗതം (സി) വകുപ്പ്

**സ.ഉ.(സാധാ) നം.220/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 24/05/2019

പരാമർശം:- 1 ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 03.06.1999-ലെ 5328/Rules1-/99/P&ARD നമ്പർ പരിപത്രം.

2 സ.ഉ(അച്ചടി)നം.18/2019/ഗതാഗതം തീയതി 09.04.2019.

3 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 17.05.2019-ലെ A1/e-96406/2019/TC-കത്ത്.

ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാമർശം (3) പ്രകാരമുള്ള കത്തിൽ, മോട്ടോർ വാഹന വകുപ്പിൽ നിലവിൽ രണ്ട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഒഴിവുകൾ ഉണ്ടെന്നും 2019-ൽ ഇതുവരെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടാത്തതിനാൽ പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിഞ്ഞില്ല എന്നും, 31.05.2019-ൽ ശ്രീ.പി.എം.ഷാജി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, സർവ്വീസിൽ നിന്നും വിരമിക്കും എന്നുള്ളതിനാൽ ടിയാനെ നിലവിലുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട് എന്നു ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പരാമർശം (1) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും, പരാമർശം (2) പ്രകാരമുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിലവിൽ സേവനത്തിലിരിക്കുന്ന ഏറ്റവും സീനിയർ ആയ പാലക്കാട്, റീജിയണൽ ട്രാൻസ്പോർട് ഓഫീസർ, ശ്രീ.വിനീഷിനെ താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരമേഖല, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, കോഴിക്കോട് ആയി നിയമിക്കുന്നു.

3) 31.05.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന പരാമർശം (2) പ്രകാരമുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിലവിൽ സേവനത്തിലിരിക്കുന്ന രണ്ടാമതായുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (N.S) തിരുവനന്തപുരം, ശ്രീ.പി.എം.ഷാജിയെ താൽക്കാലിക സ്ഥാനക്കയറ്റം നൽകി മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, തൃശ്ശൂർ, സോൺ-I, ആയി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാല്**

പ്രിൻസിപ്പല് സെക്രട്ടറി

**File No.TRANS-C3/165/2019-TRANS**

ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട് കമ്മീഷണർ,മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്പോർട് കമ്മീഷണർ,മുഖേന)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ട്രാൻസ്പോർട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.